പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1228

13/12/2012-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ഇടുക്കി ജില്ലയിലെ ദേവികുളം വട്ടവടയിൽ ഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ഇടുക്കി ജില്ലയിലെ ദേവികുളം വട്ടവടയിൽ മുന്നൂറ്റമ്പതോളം ഏക്കർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇതിനെതിരായി കേസെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഇന്റലിജൻസ് റിപ്പോർട്ട് ആഭ്യന്തര മന്ത്രിക്ക് ലഭിച്ചത് എപ്പോഴാണ് ; അതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; റവന്യൂ വകുപ്പിന് പ്രസ്തുത റിപ്പോർട്ട് കൈമാറിയിട്ടുണ്ടോ ; | (ബി) ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുള്ള ഇന്റലിജൻസ് റിപ്പോർട്ട് റവന്യൂ വകുപ്പിന് കൈമാറുകയും അതിൻമേൽ വിശദമായ അന്വേഷണത്തിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ ആയത് വിശദമായ അന്വേഷണ റിപ്പോർട്ടിന് ഇടുക്കി ജില്ലാകളക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. |
| (സി) ഭൂമി കൈവശപ്പെടുത്തിയ ആൾ സ്വന്തം പേരിലും കമ്പനിയുടെ പേരിലും ജോലിക്കാരായിട്ടുള്ളവരുടെ പേരിലും രജിസ്റ്റർ ചെയ്ത ഭൂമി എത്ര ഏക്കറാണെന്ന് വെളിപ്പെടുത്തുമോ ? | (സി) പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരം 344.50 ഏക്കർ ഭൂമി ഇപ്രകാരം കൈവശപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ